# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *73

05.02.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പെൻഷനും മറ്റ് ധനസഹായങ്ങളും നൽകുന്നതിനു വേണ്ടി കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് താഴെ പറയും പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>(എ) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണസമിതിയിൽ നിന്നും ക്ഷീരകർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേർ<br>(ബി) പരമ്പരാഗത പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ.<br>(സി) ക്ഷീരവികസന വകുപ്പ് ഡയറക്ടർ<br>(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്നുപേർ.<br>(ഇ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ് ഒഫിഷ്യോ)<br>(എഫ്) മിൽമ ചെയർമാൻ<br>ബോർഡിലെ ഡയറക്ടർമാരിൽ നിന്നും ഒരാളെ സർക്കാർ ചെയർമാനായി നിയമിക്കുന്നു. നിലവിലുള്ള ബോർഡിൽ 12 അംഗങ്ങളാണുള്ളത്. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ക്ഷേമനിധി ചട്ടം 21 പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിയാണ്. ക്ഷീരവികസന വകുപ്പിലെ 14 ജില്ലകളിലുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലുള്ള ഗുണനിയന്ത്രണ ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധിയുടെ ജില്ലാ നോഡൽ ഓഫീസർമാരായി പ്രവർത്തിച്ചു വരുന്നു. ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിലെ ക്ഷീരവികസന ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധിയുടെ ബ്ലോക്ക് നോഡൽ ഓഫീസർമാരായി പ്രവർത്തിച്ചു വരുന്നു. കൂടാതെ ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെയും |

ക്ഷീരവികസന വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുടെയും സേവനവും ക്ഷേമനിധി പ്രയോജനപ്പെടുത്തി വരുന്നു. ക്ഷീരകർഷകരിൽ നിന്നും ക്ഷീരസംഘങ്ങളിൽ നിന്നും മിൽമയിൽ നിന്നുമുള്ള അംശദായമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാനം. അംശദായം താഴെ പറയും പ്രകാരമാണ് കണക്കാക്കുന്നത്.

പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20 രൂപ, ക്ഷീരസംഘങ്ങൾ സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന പാലിന്റെ വിപണനവിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന പാലിന്റെ വിപണന വിലയുടെ 0.3%, മിൽമയോ, മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% എന്ന നിരക്കിൽ അംശദായമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ബോർഡ് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അവ ക്ഷീര-കർഷകർക്ക് ആശ്വാസദായകമാണോ യെന്നും അറിയിക്കുമോ;

(ബി) ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുക, എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഭാരതത്തിൽ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായി ക്ഷേമനിധി ആരംഭിച്ചത്. ക്ഷീരകർഷകർക്ക് ആശ്വാസ ദായകമായി പെൻഷൻ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രതിമാസം 1200 രൂപ നിരക്കിൽ പെൻഷൻ, അവശതാ പെൻഷൻ എന്നിവ അനുവദിച്ചു വരുന്നു. പെൻഷണർ മരണപ്പെടുന്ന വേളയിൽ പെൻഷണറുടെ അനന്തരവകാശിക്ക് പ്രതിമാസം 550 രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകി വരുന്നു. ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിന് 3,000 രൂപ മരണാനന്തര സഹായമായും നൽകുന്നുണ്ട്. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിച്ചു വരുന്നു. ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, പ്രൊഫഷണൽ കോഴ്സ് എന്നീ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് യഥാക്രമം 1,000, 1,500, 2,000, 2,500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് അപകടമരണത്തിനും മറ്റ് ചികിത്സകൾക്കുമായി ക്ഷീരസുരക്ഷ പദ്ധതി പ്രകാരം അപകട മരണ ധനസഹായമായി 50,000 രൂപയും

| | |
|---|---|
| | അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് പരമാവധി 10,000 രൂപയും മാരക രോഗങ്ങൾക്കുള്ള ധനസഹായമായി പരമാവധി 15,000 രൂപയും പകർച്ചവ്യാധി, പശുപരിപാലനത്തിനിടെ ഉണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾ, പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്ക് ചികിത്സാ ധനസഹായമായി പരമാവധി 2,000 രൂപയും അനുവദിക്കുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും മികച്ച ക്ഷീരകർഷകന് 5,000 രൂപയും സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകനായി തിരഞ്ഞെടുക്കപ്പെടുന്ന ക്ഷീരകർഷകന് 10,000 രൂപയും പുരസ്കാരവും നൽകുന്നുണ്ട്. |
| (സി) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനാ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (സി) ഉണ്ട്. ക്ഷീരകർഷക ക്ഷേമനിധി നിയമപ്രകാരം 12 അംഗ ബോർഡാണ് ക്ഷേമനിധി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടത്. നിലവിൽ ബോർഡ് ഇപ്രകാരം പ്രവർത്തിച്ചു വരുന്നു. |
| (ഡി) ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ അംഗത്വ നടപടികൾ, പെൻഷൻ നടപടികൾ എന്നിവ ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ-യെന്ന് വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നത് മുതൽ ധനസഹായം അനുവദിക്കുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും **"ക്ഷീരജാലകം"** എന്ന സോഫ്റ്റ്-വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**